## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 645

10.03.2015 - ൽ മറുപടിക്ക്

## നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ചോദ്യം
ശ്രീ. പി. ഉബൈദുള്ള

മറുപടി
ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) : ഉണ്ട് |
| (ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) : ബഹു. സുപ്രീം കോടതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ പ്രകാരം ചെറുകിട ധാതു ഖനനത്തിന് പരിസ്ഥിതി ക്ലിയറൻസ് നിർബന്ധമാക്കിയതുമൂലം നിർമ്മാണ മേഖലയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾക്കുണ്ടായ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്വാറി ഉടമകൾക്ക് ടി ക്ലിയറൻസ് സമ്പാദിക്കുന്നതിന് ഒരു വർഷത്തെ സാവകാശം നൽകി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. മണലിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി അന്യ സംസ്ഥാനത്തു നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും ഇറക്കുമതി ചെയ്ത മണൽ വിപണനം ചെയ്യുന്നതിനും ഡീലേഴ്സ് ലൈസൻസ് നൽകുന്നുണ്ട്. ഡാമുകളിൽ നിന്നും മണൽ വാരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുഴമണലിന്റെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ |

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂളിലെ 107- ാം വകുപ്പ് പ്രകാരം ധാതുക്കളുടെ ഇറക്കുമതി അനുവദിക്കുന്നുണ്ട്. പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) നിർമ്മാണ സാമഗ്രികളുടെ ക്ഷാമം, വില വർദ്ധനവ്, വാഹന പരിശോധനമൂലമുള്ള ബുദ്ധിമുട്ടുകൾ എന്നിവയ്ക്ക് പരിഹാരം കാണാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) : ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ